എം എസ് സുബ്ബുലക്ഷ്മി ഫൗണ്ടേഷൻ പുരസ്കാരവിതരണം

പുരസ്കാരവിതരണ സാംസ്കാരിക സമ്മേളനം മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

വർക്കല

എം എസ് സുബ്ബുലക്ഷ്മി ഫൗണ്ടേഷൻ പുരസ്കാര സമർപ്പണത്തിന്റെയും വാർഷികാഘോഷത്തിന്റെയും ഭാഗമായി സംഘടിപ്പിച്ച സാംസ്കാരിക സമ്മേളനം മന്ത്രി കെ എൻ ബാലഗോപാൽ ഉദ്ഘാടനം ചെയ്തു. വാർഷികാഘോഷം ജസ്റ്റിസ് പി എസ് ഗോപിനാഥൻ ഉദ്ഘാടനം ചെയ്തു. വി ജോയി എംഎൽഎ അധ്യക്ഷനായി. മുൻ ചീഫ് സെക്രട്ടറി ജിജി തോംസൺ മുഖ്യപ്രഭാഷണവും കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ പി ചന്ദ്രമോഹൻ അനുസ്മരണ പ്രഭാഷണവും നടത്തി.

സുബ്ബുലക്ഷ്മി ഫൗണ്ടേഷൻ സംഗീതരത്ന പുരസ്കാരം പാലക്കാട് ശ്രീറാമിനും സംഗീത പ്രതിഭാ പുരസ്കാരം മധുശ്രീ നാരായണനും ചലച്ചിത്രരത്ന പുരസ്കാരം മുരളി ഗോപിക്കും പ്രതിഭാ പുരസ്കാരം ആശാ ശരത്തിനും ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് മണിയൻപിള്ള രാജുവിനും സി പി നായർ മെമ്മോറിയൽ എൻഡോവ്മെന്റ് ചീഫ് സെക്രട്ടറി വി പി ജോയിക്കുവേണ്ടി പത്നി ഷീജാ ജോയിയ്ക്കും മാനവ സേവ പുരസ്കാരം ഗോപിനാഥ് മുതുകാടിനും മാധ്യമ പുരസ്കാരം എസ് വി രാജേഷിനും മാധവൻ പുരസ്കാരം കെ എം ധർമ്മനും സമ്മാനിച്ചു. 25,000 രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരങ്ങൾ. കെ എം ലാജി, സ്മിത സുന്ദരേശൻ, അനിൽകുമാർ, പി എം ബഷീർ, ആർ സുബ്ബലക്ഷ്മി, സന്ധ്യാ രാജേന്ദ്രൻ, എം ജയരാജ്, ബി ജോഷിബാസു, എസ് കൃഷ്ണകുമാർ, എസ് രമേശൻ എന്നിവർ സംസാരിച്ചു.

പൂഴിമണലിലും പൊന്ന് വിളയും

വി എസ് അവീഷ്

മംഗലപുരം

'അറബിക്കടലിന്റെ തീരത്ത് പൂഴി മണൽ നിറഞ്ഞ സ്ഥലം കിട്ടിയാൽ എന്തുചെയ്യും' എന്ന് ചോദിച്ചാൽ 'ഒന്നും ചെയ്യാൻ പറ്റില്ല' എന്ന മറുപടി പറയാനാണ് എല്ലാവർക്കും എളുപ്പം. എന്നാൽ ശ്രീകാര്യം സ്വദേശി സുജിത്തിനോട് ചോദിച്ചാൽ 'പൊന്നുവിളയിക്കാം' എന്ന് ഒറ്റവാക്കിൽ മറുപടി ലഭിക്കും. വെറുതേ മറുപടി പറഞ്ഞുപോകുകയല്ല, ചെയ്ത് കാണിക്കുകയാണ് ശ്രീകാര്യം കുന്നിൽ ലെയ്ൻ ലക്ഷ്മി നിവാസിൽ എസ് വി സുജിത് എന്ന എംബിഎക്കാരൻ. ഹൈടെക് ഫാമിങ്ങിൽ ജില്ലയിലെ മികച്ച കർഷകനുള്ള അവാർഡ് നേടിയ സുജിത് സെന്റ് സേവ്യേഴ്സ് കോളേജിലെ 22 ഏക്കറിലും വെട്ടുതുറ ചാന്നാങ്കരയിൽ കടലിനോട് ചേർന്ന് 15 ഏക്കറിലും പൂഴിമണ്ണിൽ കൃഷിയിറക്കി മികച്ച വിളവ് നേടുന്നുണ്ട്.

ബീറ്റ്റൂട്ട്, ക്യാരറ്റ്, ചോളം, തണ്ണിമത്തൻ, ചുവന്ന മുളക് ഉൾപ്പെടെ 26 ഇനം സുജിത്തിന്റെ കൃഷിയടത്തിലുണ്ട്. ഓണവിപണി ലക്ഷ്യമിട്ട് പുഷ്പകൃഷിയും ആരംഭിച്ചിട്ടുണ്ട്. വിഷരഹിത പച്ചക്കറി, ചെറുപ്പക്കാരെ കൃഷിയിലേക്ക് ആകർഷിക്കുക തുടങ്ങിയ ലക്ഷ്യത്തിലാണ് കൃഷി ആരംഭിച്ചതെന്ന് സുജിത് പറയുന്നു.

ഇസ്രയേലിലെ ഓപ്പൺ ഫാമിങ് രീതിയാണ് പരീക്ഷിച്ച് വിജയം കൈവരിച്ചത്. 20ൽ ഏറെ പേർക്ക് മാസശമ്പളത്തോടെ തൊഴിൽനൽകുന്ന സംരഭകനുമാണിദ്ദേഹം. സെന്റ്സേവ്യേഴ്സ് കോളേജിലെ വിദ്യാർഥികൾക്ക് ഇന്റേൺഷിപ്പും നൽകുന്നുണ്ട്.

ഹോർടികോർപ്, ജൈവപച്ചക്കറി കടകൾ എന്നിവിടങ്ങളിലൂടെയാണ് പച്ചക്കറി വിൽക്കുന്നത്. ആവശ്യക്കാർക്ക് വീടുകളിൽ എത്തിച്ചുകൊടുക്കാറുമുണ്ട്. ഇതിനായി വാട്സ്ആപ് ഗ്രൂപ്പും ഫെയ്സ്ബുക്ക് പേജും ഉൾപ്പെടെ സജ്ജീകരിച്ചിട്ടുണ്ട്. സുജിത്തിന്റെ അഞ്ചുവയസ്സുള്ള മകൻ ആരവിനും കൃഷിയോടാണ് താൽപ്പര്യം. ശ്രീകാര്യം കൃഷിഭവന്റെ 'കുട്ടിക്കർഷകൻ' അവാർഡ് ആരവിന് ലഭിച്ചിട്ടുണ്ട്. ഭാര്യ കെ എസ് സുജിത ഐടി മേഖലയിലാണ് ജോലി ചെയ്യുന്നത്. ഇസ്രയേൽ എംബസി അറ്റാഷെ യാഷർ എഷേൽ, സിക്കിം കൃഷി മന്ത്രി ലോക്നാഥ് ശർമ എന്നിവർ സുജിത്തിന്റെ ഫാം സന്ദർശിച്ചിട്ടുണ്ട്.

വിളവെടുത്ത പച്ചക്കറിയുമായി സുജിത്

പബ്ലിക് ഹിയറിങ് 22ന്

തിരുവനന്തപുരം

തീരദേശ നിയന്ത്രണ മേഖല കരട് വിജ്ഞാപനത്തിൽ പബ്ലിക് ഹിയറിങ് 22ന് നടക്കും. രാവിലെ പത്തരയ്ക്ക് കുടപ്പനക്കുന്ന് കലക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് പരിപാടി.

കലക്ടറേറ്റ്, ജില്ലാ പഞ്ചായത്ത് ഓഫീസ്, തദ്ദേശഭരണ സെക്രട്ടറിമാരുടെ ഓഫീസ്, ആക്കുളം നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് ഓഫീസ്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ് എന്നിവിടങ്ങളിലും coastal.keltron.org എന്ന വെബ്സൈറ്റിലും കരട് വിജ്ഞാപനം ലഭ്യമാണ്. വെബ്സൈറ്റിലെ ഗ്രിവൻസസ് ഓപ്ഷൻ മുഖേനയും kczmasandtd@gmail.com എന്ന ഇമെയിലിലൂടെയും ജനങ്ങൾക്ക് അഭിപ്രായമറിയിക്കാം.

13 റോഡ് നിർമാണത്തിന് 33.5 കോടി

വികസനക്കുതിപ്പിൽ തലസ്ഥാനം

സ്വന്തം ലേഖകൻ

തിരുവനന്തപുരം

ജില്ലയിൽ 13 റോഡിന്റെ നിർമാണത്തിനായി 33.5 കോടി രൂപയുടെ ഭരണാനുമതി നൽകി പൊതുമരാമത്ത് വകുപ്പ്. ചിറയിൻകീഴ്, കാട്ടാക്കട, നെടുമങ്ങാട്, അരുവിക്കര, പാറശാല, വാമനപുരം നിയോജക മണ്ഡലങ്ങളിലെ റോഡ് പ്രവൃത്തികൾക്കാണ് അനുമതി. ഈ പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി ലഭിക്കുന്നതോടെ ടെൻഡർ നടപടികളും ആരംഭിക്കും. ഭരണാനുമതി നൽകിയ റോഡ് പ്രവൃത്തികളും അനുവദിച്ച തുകയും ചുവടെ.

റോഡ് പ്രവൃത്തികൾ അനുവദിച്ച തുക (കോടിയിൽ)

കണിയാപുരം- പുത്തൻതോപ്പ് റോഡ്	2
18-ാം മൈൽ റോഡ്- വെട്ടിക്കൽപാലം	2
അരിക്കടമുക്ക് - മുക്കുന്നിമല റോഡ്	5
കുണ്ടാമുഴി- കിഴക്കതിൽനട റോഡ്	3
മലയിൻകീഴ്- കുരുവിൻമുകൾ റോഡ്	1.50
കല്ലയം- ശിമുള റോഡ്	3
അമ്പലം- പാച്ചിറ റോഡ്	2
ആര്യനാട്- കോട്ടയ്ക്കം- പറണ്ടോട് റോഡ്	3
തോട്ടുമുക്ക്- ഇരപ്പിൽ- ചായം റോഡ്	3
കളിയൽനട- മരങ്ങാട്- വലിയകലുങ്ക്	2.50
മൈലോട്ടുമൂഴി-ചായ്യുളം- ആമച്ചൽ റോഡ്	1.50
മഞ്ചവിളാകം- തത്തിയൂർ റോഡ്	3
കോതകുളങ്ങര- ചെമ്പൻകോട്-താന്നിമൂട് റോഡ്	2

ആയുർവേദ കോളേജ് ശുചീകരിച്ചു

സിപിഐ എം വഞ്ചിയൂർ ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന മഴക്കാല പൂർവ ശുചീകരണം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്യുന്നു. ജില്ലാ സെക്രട്ടറി വി ജോയി, എം വിജയകുമാർ തുടങ്ങിയവർ സമീപം

തിരുവനന്തപുരം

മാലിന്യമുക്ത കേരളം ക്യാമ്പയിനിന്റെ ഭാഗമായി സിപിഐ എം വഞ്ചിയൂർ ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ ആയുർവേദ കോളേജ് ആശുപത്രിയിൽ നടന്ന മഴക്കാല പൂർവ ശുചീകരണം സിപിഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ ഉദ്ഘാടനം ചെയ്തു. കേരളത്തെ മാലിന്യ മുക്തമാക്കാൻ ജനങ്ങളെ അണിനിരത്തി ശുചിത്വബോധം രൂപപ്പെടുത്തുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. വഞ്ചിയൂർ ഏരിയ സെക്രട്ടറി സി ലെനിൻ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി വി ജോയി, സംസ്ഥാന കമ്മിറ്റിഅംഗം എം വി ജയകുമാർ, കെ എസ് സുനിൽകുമാർ, എസ് പി ദീപക്ക്, കെ എസ് ശ്രീകുമാർ, വി എസ് പത്മകുമാർ, ടി രവീന്ദ്രൻ നായർ, ഡി ആർ അനിൽ, വി വി വിമൽ, ഗായത്രി ബാബു എന്നിവർ സംസാരിച്ചു.

ലൈബ്രറി കൗൺസിൽ പുസ്തകോത്സവം ഇന്ന് സമാപിക്കും

ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധുവിന്റെ പുസ്തകം 'വൈക്കം സത്യഗ്രഹ സമരചരിത്രത്തിലൂടെ' ഏഴാച്ചേരി രാമചന്ദ്രൻ ജി എസ് പ്രദീപിന് നൽകി പ്രകാശിപ്പിക്കുന്നു

തിരുവനന്തപുരം

ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച പുസ്തകോത്സവം ചൊവ്വാഴ്ച സമാപിക്കും. തിങ്കളാഴ്ച പുസ്തകോത്സവ വേദിയിൽ സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി വി കെ മധുവിന്റെ പുസ്തകം 'വൈക്കം സത്യഗ്രഹ സമരചരിത്രത്തിലൂടെ' ഏഴാച്ചേരി രാമചന്ദ്രൻ പ്രകാശിപ്പിച്ചു. ജി എസ് പ്രദീപ് പുസ്തകം ഏറ്റുവാങ്ങി. വി ജോയി എംഎൽഎ അധ്യക്ഷനായി. കെ എസ് രവികുമാർ, എം എ സിദ്ദിഖ് എന്നിവർ സംസാരിച്ചു. പുസ്തകോത്സവത്തോടനുബന്ധിച്ച് വി ഹർഷകുമാറിന്റെ കഥാപ്രസംഗവും സംഘടിപ്പിച്ചു.

2022-23 സാമ്പത്തിക വർഷം പദ്ധതി നിർവഹണത്തിൽ ജില്ലയിൽ ഒന്നാംസ്ഥാനം നേടിയ മലയിൻകീഴ് പഞ്ചായത്തിനുള്ള ജില്ലാ പഞ്ചായത്തിന്റെ പുരസ്കാരം പ്രസിഡന്റ് ഡി സുരേഷ്കുമാറിൽനിന്നും പഞ്ചായത്ത് പ്രസിഡന്റ് എ വത്സലകുമാരി, സെക്രട്ടറി എം എ ബിന്ദുരാജ് എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു

■ നീന്തൽ വിദ്യാർഥികൾക്ക് പനി

പരിശീലനം നിർത്തിവച്ചു

പാലോട്

നന്ദിയോട് പച്ച ക്ഷേത്രത്തിനു സമീപമുള്ള സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള നീന്തൽ കുളത്തിൽ പരിശീലനം നടത്തുന്ന വിദ്യാർഥികൾക്ക് പനി പടരുന്നു. മുപ്പതോളം കുട്ടികൾ വിവിധ ആശുപത്രികളിൽ ചികിൽസയിലാണ്. അവധിക്കാല നീന്തൽ പരിശീലനത്തിനായി 256 വിദ്യാർഥികളാണുള്ളത്. ബാക്കിയുള്ളവർ നിരീക്ഷണത്തിലാണ്. മെഡിക്കൽ ഓഫീസറുടെ നിർദ്ദേശത്തെ തുടർന്ന് പരിശീലനം നിറുത്തി. പാലോട് സിഎച്ച്സിയിൽനിന്നും ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു.

വെള്ളത്തിന്റെ സാമ്പിൾ എടുത്ത് പരിശോധനയ്ക്ക് അയച്ചു.

ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഭാഗമാകാം

തിരുവനന്തപുരം

ജില്ലാ ദുരന്തനിവാരണ അതോറിറ്റി, രക്ഷാപ്രവർത്തനങ്ങളിലുൾപ്പെടെ ജില്ലയിൽ ദുരന്ത നിവാരണരംഗത്ത് പ്രവർത്തിക്കുന്ന എൻജിഒകളെ ഉൾപ്പെടുത്തി ഇന്റർ ഏജൻസി ഗ്രൂപ്പ് വിപുലീകരിക്കുന്നു.

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുമായി സഹകരിക്കാൻ താൽപ്പര്യമുള്ളഎൻജിഒകൾhttps://forms.gle/f3bQQAZ6cAsq9gF9 എന്ന ലിങ്ക് വഴി അപേക്ഷിക്കണം.

ഐബിഎസിൽ എപാക്സ് 3700 കോടി നിക്ഷേപിക്കും

തിരുവനന്തപുരം

ലണ്ടൻ ആസ്ഥാനമായ സ്വകാര്യ ഓഹരി സ്ഥാപനമായ എപാക്സ് പാർട്ണേഴ്സ് എൽഎൽപി (എപാക്സ്) ഐബിഎസ് സോഫ്റ്റ് വെയറിൽ 3700 കോടി നിക്ഷേപിക്കും. ധാരണപ്രകാരം വി കെ മാത്യൂസ് കമ്പനിയുടെ ഭൂരിപക്ഷ ഓഹരിയുടമയായി തുടരും. 1997ൽ സ്ഥാപിതമായ ഐബിഎസ് ലോകത്തെ പ്രമുഖ ഏവിയേഷൻ, ടൂർ, ക്രൂസ്, ഹോസ്പിറ്റാലിറ്റി, ലോജിസ്റ്റിക്സ് കമ്പനികളിലെ പ്രവർത്തനങ്ങൾക്കായി സാസ് സൊല്യൂഷനുകൾ നൽകുന്ന മുൻനിര സ്ഥാപനമാണ്.

എപാക്സുമായി പങ്കാളിയാകുന്നതിൽ സന്തോഷമുണ്ടെന്ന് ഐബിഎസ് സോഫ്റ്റ് വെയർ എക്സിക്യൂട്ടീവ് ചെയർമാനുമായ വി കെ മാത്യൂസ് പറഞ്ഞു.

■ വേനൽ കനത്തു

നെയ്യാർ ഡാം വറ്റിവരളുന്നു

നെയ്യാർ ഡാം

കാട്ടാക്കട

വേനൽ കടുത്തതോടെ നെയ്യാർഡാം വറ്റി വരളുന്നു. ഡാമിലെ പലഭാഗത്തും വെള്ളം കുറഞ്ഞു. ചിലയിടത്ത് വറ്റിവരണ്ടു. രണ്ടുദിവസമായി പെയ്ത വേനൽമഴയിലും ജലനിരപ്പ് ഉയർന്നില്ല. ഡാമിലെ ജലനിരപ്പ് അനുദിനം താഴുന്നത് കാർഷികമേഖലയെ ബാധിക്കുമെന്ന ആശങ്കയിലാണ് കർഷകർ. 84.75 മീറ്റർ പരമാവധി സംഭരണശേഷിയുള്ള ഡാമിൽ ഇന്നലത്തെ ജലനിരപ്പ് 78.1 മീറ്ററിലെത്തി. ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞതിനാൽ രണ്ട്ദിവസം മുമ്പ് കനാലുകൾ അടച്ചു. ഇതിനുശേഷം വേനൽ മഴ ലഭിച്ചതിനാൽ ഒരുമീറ്ററോളം ജലനിരപ്പ് ഉയർന്നിരുന്നു.

ഡാമിന്റെ സംഭരണശേഷി ഓരോ ദിവസവും കുറയുന്നതായാണ് റിപ്പോർട്ട്. ചെളിയും മണലും മണ്ണും എക്കലുമൊക്കെ അടിയുന്നതാണ് കാരണം. കാലവർഷം വൈകിയാൽ കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിലെ ജലക്ഷാമമുണ്ടാകുമെന്ന് ആശങ്കയുണ്ട്.

നെയ്യാറിലെ വെള്ളത്തെ ആശ്രയിച്ചു നടത്തുന്ന കൃഷിയെയും ബാധിക്കും.

കാട്ടാക്കട താലൂക്കുകളിലെ 15,380 ഹെക്ടറിലെ ജലസേചനത്തിനായുള്ളതാണ് നെയ്യാർ ജലസേചന പദ്ധതി.

അണക്കെട്ടിന് 965 അടി നീളവും 166 അടി ഉയരവുമുണ്ട്.

തായ് കോൺസുലേറ്റ് ജനറൽ ടെക്നോപാർക്കിൽ

തിരുവനന്തപുരം

തായ്‌ലന്റിലെ സർവകലാശാലകളുമായുള്ള സഹകരണ സാധ്യത ചർച്ച ചെയ്യാൻ റോയൽ തായ് കോൺസുലേറ്റ് ജനറൽ നിതിറൂഗെ ഫോനെപ്രെസേർട് ടെക്നോപാർക്കിലെത്തി.

ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻ ടെക്നോളജി അക്കാദമി ഓഫ് കേരള (ഐസിടിഎകെ)യുമായി സഹകരിക്കാനുള്ള സാധ്യതകളും ചർച്ച ചെയ്തു. ടെക്നോപാർക്ക് സിഇഒ സഞ്ജീവ് നായർ കേരളത്തിലെ ഐടി ശൃംഖലകളെ സംബന്ധിച്ചും അതിന് കീഴിലുള്ള സ്ഥാപനങ്ങളെപ്പറ്റിയും വിവരിച്ചു.

രാജ്യത്തിന്റെ ഡിജിറ്റൽ വളർച്ചയിൽ കേരള ഐടിയുടെ പങ്കിനെപ്പറ്റിയും സംസാരിച്ചു.

ടെക്നോപാർക്ക് അസിസ്റ്റന്റ് ജനറൽ മാനേജർ വസന്ത് ശ്രീകുമാർ വരദ, അസിസ്റ്റന്റ് മാനേജർ ആനി മോസസ്, ഐസിടിഎകെ സിഇഒ സന്തോഷ് കുറുപ്പ് എന്നിവരും പങ്കെടുത്തു.

ചിറയിൻകീഴ് താലൂക്കുതല അദാലത്ത് ഇന്ന്

തിരുവനന്തപുരം

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ചുള്ള 'കരുതലും കൈത്താങ്ങും' ചിറയിൻകീഴ് താലൂക്കുതല അദാലത്ത് ചൊവ്വാഴ്ച നടക്കും. ആറ്റിങ്ങൽ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 9.30ന് മന്ത്രി ആന്റണി രാജു ഉദ്ഘാടനം ചെയ്യും. ഒ എസ് അംബിക എംഎൽഎ അധ്യക്ഷയാകും. മന്ത്രിമാരായ വി ശിവൻകുട്ടി, ജി ആർ അനിൽ എന്നിവർ പങ്കെടുക്കും.

'വികസനത്തിരയിൽ കോവളം' നാളെ

കോവളം

എൽഡിഎഫ് സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി എൽഡിഎഫ് കോവളം മണ്ഡലം കമ്മിറ്റി സംഘടിപ്പിച്ച പൊതുയോഗം ബുധൻ വൈകിട്ട് അഞ്ചിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. യോഗത്തിൽ മന്ത്രിമാരായ കെ എൻ ബാലഗോപാൽ, പി എ മുഹമ്മദ് റിയാസ്, വി ശിവൻകുട്ടി, ജി ആർ അനിൽ, ആന്റണി രാജു, സിപിഐ എം സംസ്ഥാന സെക്രട്ടറിയറ്റ് അംഗം ആനാവൂർ നാഗപ്പൻ, ജില്ലാ സെക്രട്ടറി വി ജോയി എന്നിവർ സംസാരിക്കും.

പോസ്റ്റർ രചന ക്ലാസ്

തിരുവനന്തപുരം

അന്തർദേശീയ മ്യൂസിയം ദിനാചരണത്തിൽ വിദ്യാർഥികൾക്കായി വ്യാഴാഴ്ച പോസ്റ്റർ രചന ക്ലാസ് സംഘടിപ്പിക്കുന്നു. പ്രായോഗിക മത്സരവുമുണ്ടാകും. ഫോൺ: 9495534375, 9496816672.

ജില്ലാതല അധ്യാപകസംഗമം

അധ്യാപകസംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ നിർവഹിക്കുന്നു

ബാലരാമപുരം

പൊതു വിദ്യാഭ്യാസവകുപ്പിന്റെയും സമഗ്രശിക്ഷാ കേരളത്തിന്റെയും നേതൃത്വത്തിൽ നടക്കുന്ന അധ്യാപകസംഗമത്തിന്റെ ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ ഉദ്ഘാടനം പെയ്തു. ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ സി സി കൃഷ്ണകുമാർ അധ്യക്ഷനായി. ബാലരാമപുരം പഞ്ചായത്ത് പ്രസിഡന്റ് വി മോഹനൻ, എസ്എസ്കെ ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ ജവാദ്, ബിപിഒ അനീഷ് എന്നിവർ സംസാരിച്ചു.

സെലക്ഷൻ നാളെ

തിരുവനന്തപുരം

സംസ്ഥാന സ്പോർട്സ് കൗൺസിൽ അണ്ടർ 17 ആൺകുട്ടികൾക്കുള്ള പ്രഥമ സിഎം ഗോൾഡ് കപ്പ് ഫുട്ബോൾ ടൂർണമെന്റിനുള്ള ടീമുകളുടെ സെലക്ഷൻ ട്രയൽസ് ബുധനാഴ്ച നടക്കും. രാവിലെ എട്ടിന് സെൻട്രൽ സ്റ്റേഡിയത്തിലാണ് സെലക്ഷൻ. ജില്ലാ സ്പോർട്സ് കൗൺസിലുകൾ തിരഞ്ഞെടുക്കുന്ന ഒരു ടീമിനാണ് അവസരം. ഫോൺ: 04712331720.

WANTED PHARMACIST
Applications are invited for Pharmacist on 1 year contract basis for Kasargod District. **Qualification:** Diploma/ Degree in Pharmacy. **Age:** Below 35 years. Candidate may apply with detailed CV to the Managing Director within 10 days from notification date.
Sd/-
15.05.2023 Managing Director
KERALA STATE CO-OPERATIVE CONSUMERS' FEDERATION LTD.
Gandhi Nagar, Kochi - 682 020,
Ph: 0484-2203507, 2203652
Email: cfedhrho2018@gmail.com
Web: www.consumerfed.net

WANTED
RELATIONSHIP MANAGERS
Age: 30-50 (M/F), Salary: 360,000 (PA)
Job Role: Insurance Sales, Advisor Recruitment, Training & Development
സെയിൽസ് മേഖലയിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തിപരിചയം നിർബന്ധം
PROFICIENT THE INSURANCE EXPERT
MG Road, Thrissur - 680004
0487 299 5988
9633 988 988
Send your CV to hr@theproficient.in

BSc NURSING
(INC, KNC, RUGHS APPROVED
19 വർഷത്തെ സേവന പാരമ്പര്യമുള്ള ബാഗ്ലൂരിലെ PRAGATHI കോളേജ് ഓഫ് നഴ്സിംഗിൽ അഡ്മിഷൻ നേടാം
കോളേജ് കാണുവാൻ QR കോഡ് സ്കാൻ ചെയ്യുക
താമസം , ഭക്ഷണം ഉൾപ്പടെ പ്രതിവർഷം1,50,000/-മാത്രം
Promise EDUCATIONAL SERVICES
FOR SPOT അഡ്മിഷൻ 9747100333 /9745177728

KERALA STATE CO-OPERATIVE CONSUMERS FEDERATION LTD.
Gandhi Nagar, Cochin-682020. Ph: 0484-2203507
അറിയിപ്പ് 15.05.2023
കൺസ്യൂമർഫെഡിന്റെ റീജിയണൽ പർച്ചേസ് കമ്മറ്റികൾ ചേരുന്ന സ്ഥലവും സമയവും തീയതിയും ചുവടെ ചേർക്കുന്നു.

സ്ഥലം	തീയതി	സമയം	ഫോൺ നമ്പർ
എറണാകുളം: കടവന്ത്ര	23.5.2023	11.00 AM	8281898316
കോട്ടയം: നാഗമ്പടം	22.5.2023	11.00 AM	8281898320
പത്തനംതിട്ട: അബാൻ ജം.	23.5.2023	11.00 AM	8281898311
ആലപ്പുഴ: പരവൂർ	22.5.2023	11.00 AM	8281898315

ത്രിവേണി സൂപ്പർമാർക്കറ്റുകളിലേക്ക് വിൽപ്പനക്കാവശ്യമായ പലചരക്ക്, കോസ്മെറ്റിക്സ്, സ്റ്റേഷനറി, ഹൗസ് ഹോൾഡ്, വെജിറ്റബിൾസ് തുടങ്ങിയ സാധനങ്ങളും നീതി മെഡിക്കൽ സ്റ്റോറുകളിലേക്ക് ആവശ്യമായ സർജിക്കൽ/ ജനറിക്/ വെറ്ററിനറി തുടങ്ങിയ മരുന്നുകളും വിതരണം ചെയ്യാൻ താത്പര്യമുള്ള വിതരണക്കാർ വിലവിവരം, സാമ്പിൾ എന്നിവ അടങ്ങിയ ക്വട്ടേഷൻ സഹിതം കമ്മറ്റിയിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പറിൽ ബന്ധപ്പെടുക.
(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

KERALA STATE CO-OPERATIVE CONSUMERS FEDERATION LTD.
Gandhi Nagar, Cochin-682020. Ph: 0484-2203507
അറിയിപ്പ് 15.05.2023
കൺസ്യൂമർഫെഡിന്റെ റീജിയണൽ പർച്ചേസ് കമ്മറ്റികൾ ചേരുന്ന സ്ഥലവും സമയവും തീയതിയും ചുവടെ ചേർക്കുന്നു.

സ്ഥലം	തീയതി	സമയം	ഫോൺ നമ്പർ
മലപ്പുറം: എടപ്പാൾ	26.5.2023	11.00 AM	8281898324
കൊല്ലം: കരിക്കോട്	25.5.2023	11.00 AM	8281898314
പാലക്കാട്: നൂറണി	27.5.2023	11.00 AM	8281898318
കോഴിക്കോട്	23.5.2023	11.00 AM	8281898323
കണ്ണൂർ: ഫോർട്ട് റോഡ്	24.5.2023	11.00 AM	8281898325

ത്രിവേണി സൂപ്പർമാർക്കറ്റുകളിലേക്ക് വിൽപ്പനക്കാവശ്യമായ പലചരക്ക്, കോസ്മെറ്റിക്സ്, സ്റ്റേഷനറി, ഹൗസ് ഹോൾഡ്, വെജിറ്റബിൾസ് തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യാൻ താത്പര്യമുള്ള വിതരണക്കാർ വിലവിവരം, സാമ്പിൾ എന്നിവ അടങ്ങിയ ക്വട്ടേഷൻ സഹിതം കമ്മറ്റിയിൽ പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പറിൽ ബന്ധപ്പെടുക.
(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ